പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3435 | 21/12/2012-ൽ മറുപടിയ്ക്ക്

എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ.അജിത്<br>ശ്രീ. ഇ.കെ.വിജയൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) എൻഡോസൾഫാൻ വിഷയത്തിൽ സുപ്രീംകോടതിയിൽ നിലവിലുള്ള കേസ്സിൽ കക്ഷിചേരുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് കക്ഷിചേരാതിരുന്നതെന്ന് വ്യക്തമാക്കുമോ | എ) സുപ്രീംകോടതിയിൽ നിലവിലുള്ള കേസിൽ കേരളം ഉൾപ്പെടെയുള്ള എല്ലാ സംസ്ഥാനങ്ങളും കേന്ദ്ര സർക്കാരും കക്ഷികളാണ്. |
| ബി)ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത നഷ്ടപരിഹാരം എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിനകം എത്ര പേർക്ക് നൽകി; രോഗബാധിതരായ മുഴുവൻ പേർക്കും പ്രസ്തുത നഷ്ടപരിഹാരം നൽകാതിരിക്കുന്നതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ; ഇവർക്ക് അടിയന്തിരമായി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | ബി) പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും മറ്റ് ശാരീരിക വൈകല്യമുള്ളവർക്കും പ്രത്യേക ധനസഹായം നൽകുന്നതിനുള്ള ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശപ്രകാരം അർഹരായവർക്ക് ധനസഹായം ലഭ്യമാക്കുന്നതിന് വേണ്ടി നിലവിലുള്ള 4182 പേരുടെ പട്ടികയിൽപെട്ടവരിൽ നിന്ന് താഴെ പറയുന്ന വിഭാഗങ്ങളെ പ്രത്യേകം തരം തിരിച്ചിട്ടുണ്ട്.<br>1) പൂർണ്ണമായും കിടപ്പിലായവർ - 185<br>2)ബുദ്ധിമാന്ദ്യം സംഭവിച്ചവർ - 796<br>3) മറ്റു ശാരീരിക വൈകല്യമുള്ളവർ - 632<br>ആകെ - 1613<br>4182 പേരുടെ പട്ടികയിൽ മേൽ വിഭാഗങ്ങളിൽ പെടാത്തവരായി ത്വക്ക് രോഗങ്ങൾ, വന്ധ്യത, കാൻസർ തുടങ്ങിയ വിഭാഗങ്ങളിലുള്ളവരും ഉൾപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| | 4182 പേരുടെ പട്ടികയിൽ ഉൾപ്പെട്ട ജില്ലയിലെ 11 ദുരിതബാധിത പഞ്ചായത്തുകൾക്ക് പുറത്തുള്ള രോഗികളെ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശപ്രകാരം ഉള്ള കാറ്റഗറികളിലായി പട്ടികപ്പെടുത്തിയിട്ടില്ല.<br><br>മേൽ പട്ടികയിൽ നിന്ന് പൂർണ്ണമായും കിടപ്പിലായ 101 പേർക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള ധനസഹായത്തിന്റെ ആദ്യഗഡുവായ 1.5 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കൂടാതെ, പൂർണ്ണമായും കിടപ്പിലായ 84 പേർ, ബുദ്ധിമാന്ദ്യം സംഭവിച്ച 796 പേർ, ശാരീരിക വൈകല്യമുള്ള 632 പേർ എന്നിവർക്ക് കൂടി നഷ്ടപരിഹാരം നൽകാൻ ഇപ്പോൾ ഉത്തരവായിട്ടുണ്ട്. തുക വിതരണം ഈ മാസം തന്നെ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും മറ്റ് വൈകല്യങ്ങൾ ഉള്ളവർക്കും ധനസഹായം നൽകുന്നതിനാണ് മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തിരുന്നത്. നിലവിലുള്ള ലിസ്റ്റിൽ മേൽ കാറ്റഗറികളിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം വിതരണം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ